# പ്രവേശിക

വിദ്യാഭ്യാസം സംശുദ്ധവും വിജയകരവുമായ ജീവിതത്തിന് ഇളം തലമുറയെ പരിശീലിപ്പിച്ച് തയ്യാറാക്കുന്ന തുടർപ്രക്രിയയും ഭാവിയിലേക്കുള്ള സമൂഹനന്മയുടെ നിക്ഷേപവുമാണ്. വിദ്യാഭ്യാസത്തിന്റെ അനന്തസാദ്ധ്യതകൾ മതങ്ങളും രാഷ്ട്രങ്ങളും പ്രത്യയശാസ്ത്രങ്ങൾപോലും പ്രയോഗിക്കുന്നുണ്ട്. ക്രിസ്തീയ പാരമ്പര്യത്തിൽ “ക്രിസ്തീയ വിദ്യാഭ്യാസം” എന്നത് സഭയുടെ ഒരു ministry (ശുശ്രൂഷ) ആയിട്ടാണ് പരിഗണിക്കുന്നത്.

ഭൗതിക വിദ്യാഭ്യാസം ഇന്ന് ഏറെ പരിവർത്തനവിധേയമായിട്ടുണ്ട് എന്നു മാത്രമല്ല, വിദ്യാഭ്യാസപദ്ധതികൾ താത്വികാടിസ്ഥാനങ്ങൾ, ഉള്ളടക്കം, ബോധനരീതികൾ, പഠിതാക്കളുടെ വിശാലപങ്കാളിത്തം, മൂല്യനിർണ്ണയരീതികൾ, അടിസ്ഥാനവിദ്യാഭ്യാസം എന്നിവകളിൽ കൂടുതൽ ഗവേഷണങ്ങളും പരീക്ഷണങ്ങളും നടന്നുകൊണ്ടുമിരിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കാലാകാലങ്ങളിൽ ഈ രംഗത്ത് പരിണാമങ്ങൾ ഉണ്ടാകുന്നത് അനിവാര്യമാണ്.

സൺഡേസ്കൂൾ ഊന്നൽ നൽകുന്ന “ജീവിതവിദ്യാഭ്യാസം” ഭൗതിക വിദ്യാഭ്യാസസമ്പ്രദായങ്ങളുടെ തനിപ്പകർപ്പല്ല. അതിന് തനതായ ഉദ്ദേശ്യലക്ഷ്യങ്ങളും ദർശനങ്ങളുമുണ്ട്. എന്നാൽ ആധുനിക ബോധനശാസ്ത്രത്തിലെ സ്വീകാര്യമായ ചില സങ്കേതങ്ങൾ സൺഡേസ്കൂൾ പഠനപദ്ധതി ആവിഷ്കരിച്ചെടുക്കുന്നതിൽ തെറ്റില്ല; എന്നാൽ ഓർത്തഡോക്സ് ദർശനങ്ങൾ വിസ്മൃതമാകാതിരിക്കാൻ ജാഗ്രത വേണമെന്നുമാത്രം.

ഓർത്തഡോക്സ് സിറിയൻ സൺഡേസ്കൂൾ അസോസിയേഷൻ പാഠ്യപദ്ധതി സമ്പൂർണ്ണമായി കാലോചിതമായി പരിഷ്കരിക്കുന്നതിന് ദൈവത്തിൽ ശരണപ്പെട്ടുകൊണ്ട് ധീരമായ ഒരു തീരുമാനമെടുത്തത് ശുഭോദർക്കമാണ്. ഈദൃശ്യ സംഗതികളിൽ താല്പര്യവും അവഗാഹവുമുള്ളവരുടെ ഒരു സംഘം, തുടർച്ചയായ പഠനവും സംവാദവും സംശോധനയും നടത്തിക്കൊണ്ടാണ് ഓരോ പാഠവും തയ്യാറാക്കുന്നത്. അധ്യാപകർക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിന് പ്രത്യേക സംവിധാനവുമുണ്ട്. പുസ്തകങ്ങൾ മലയാളത്തിലും ഇംഗ്ലീഷിലും സമാനമായി തയ്യാറാക്കുകയാണ്. വിദേശരാജ്യങ്ങളിൽ ഈ പാഠ്യപദ്ധതിയുടെ ഘടന അടിസ്ഥാനമാക്കി, പ്രാദേശികവും പ്രസക്തവും ഭാഷാപരവുമായി അനിവാര്യമായ വ്യത്യാസങ്ങളോടെ ഇത് നടപ്പിലാക്കാവുന്നതാണ്. എന്നാൽ അടിസ്ഥാനങ്ങളും പൊതുഘടകങ്ങളും മാറ്റാൻ പാടുള്ളതല്ല. സഭയെയും യേശുവിന്റെ അരുമകളായ കുഞ്ഞുങ്ങളെയും സ്നേഹിക്കുന്നവർ ഈ സദുദ്ദേശത്തെ സഹർഷം സ്വാഗതം ചെയ്യും എന്ന പ്രത്യാശയോടെ ഈ ഉദ്യമത്തെ പരിശുദ്ധ സഭയ്ക്കായി സമർപ്പിക്കുന്നു.

**ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്താ**

*പ്രസിഡന്റ്, ഓർത്തഡോക്സ് സിറിയൻ*
*സൺഡേസ്കൂൾ അസ്സോസിയേഷൻ*

# ആമുഖം

അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണല്ലോ നാം ജീവിക്കുന്നത്. ഈ മാറ്റങ്ങൾ വളരെയേറെ പ്രതിഫലിക്കുന്ന ഒന്നാണ് വിദ്യാഭ്യാസമേഖല. സെക്കുലർ വിദ്യാഭ്യാസത്തിലാണ് ഒട്ടേറെ പരിഷ്കരണങ്ങൾ നടക്കുന്നത്. കുട്ടികൾ കൂടുതൽ പരിചയിക്കുന്നതും അവരെ സ്വാധീനിക്കുന്നതും വിദ്യാഭ്യാസമാണല്ലോ. അതിനാൽ സൺഡേസ്കൂളിന്റെ പാഠ്യപദ്ധതിയും അവരുടെ പരിശീലനത്തിനു സമാനമായി തീർന്നില്ലെങ്കിൽ പഠിക്കാനുള്ള താല്പര്യം കുറയും. ഈ യാഥാർത്ഥ്യം മുന്നിൽക്കണ്ടാണ് സമ്പൂർണ്ണമായ ഒരു പരിഷ്കാരത്തിന് നാം ഇപ്പോൾ മുതിർന്നത്.

സെക്കുലർരീതി പരിചയിക്കുന്നതുകൊണ്ടു മാത്രം നമ്മുടെ കുട്ടികൾ ദൈവസ്വഭാവമുള്ളവരാകണമെന്ന് അർത്ഥമില്ല. അവിടെ ക്രിസ്തുവും ശിഷ്യന്മാരും തമ്മിൽ വളർത്തിയെടുത്ത ഗുരു-ശിഷ്യ സ്നേഹബന്ധമാണ് അടിസ്ഥാനപ്രമാണമാകേണ്ടത്. ആ പ്രമാണം സ്വീകരിച്ചുകൊണ്ട് വിഷയങ്ങൾ കുട്ടികളിലേക്കു സംവേദിക്കുവാൻ ഇതിലെ അവതരണ രീതി അദ്ധ്യാപകർക്കും കുട്ടികൾക്കും ഒരുപോലെ സഹായകമാകും.

പ്രസിഡന്റ് തിരുമേനി അദ്ധ്യക്ഷനായ ഒരു സിലബസ് പരിഷ്കരണ കമ്മിറ്റിയുടെ അശ്രാന്തപരിശ്രമത്തിന്റെ ഫലമാണ് പത്താംക്ലാസ്സിലേക്കുള്ള ഈ പാഠപുസ്തകം. ഇതിലെ വിവിധ യൂണിറ്റുകൾ എഴുതിയവരുടെ സേവനം നിസ്തുലമാണ്. കൂടാതെ എല്ലാ കമ്മിറ്റിയംഗങ്ങളും വിശിഷ്യാ പ്രസ്ഥാനം പ്രസിഡന്റ് അഭിവന്ദ്യ ഐറേനിയസ് തിരുമേനിയും എക്സിക്യൂട്ടിവ് എഡിറ്റർ സാം വി. ഡാനിയൽ സാറും ചേർന്നാണ് ഇതിനെ സമ്പൂർണ്ണമാക്കിയത്. എങ്കിലും കുറവുകൾ കണ്ടേക്കാം. അതു ചൂണ്ടിക്കാണിച്ചാൽ, അടുത്ത എഡിഷനുകളിൽ അതു തിരുത്തുന്നതാണ്.

സൺഡേസ്കൂൾ അദ്ധ്യയനരംഗത്ത് ആത്മീയദർശനത്തിന്റെ ഒരു പുതുയുഗം പിറക്കുവാൻ പുതിയ പാഠ്യപദ്ധതി സഹായകമായിത്തീരട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട്, അണിയറശില്പികൾക്ക് നന്ദി പ്രകാശിപ്പിക്കുന്നു.

ദേവലോകം

01-12-2014

**ഫാ. ഡോ. ഒ. തോമസ്**

*ഡയറക്ടർ ജനറൽ*

# എഡിറ്റോറിയൽ

പ്രിയപ്പെട്ട കൂട്ടുകാരെ,

നമ്മുടെ സൺഡേസ്കൂൾ പാഠ്യപദ്ധതി കാലാനുസൃതമായി സമ്പൂർണ്ണമായി പരിഷ്ക്കരിച്ചിരിക്കുന്നു. പാഠങ്ങളുടെ ഉള്ളടക്കത്തിലും ഘടനയിലും സമഗ്രമായ വ്യതിയാനങ്ങൾ വരുത്തിയിട്ടുണ്ട്. സൺഡേസ്കൂൾ പഠനം നിങ്ങൾക്ക് അനുഭവവേദ്യമാകുവാനും, നിങ്ങൾ പഠനം ആസ്വദിക്കുവാനുമായി വൈവിധ്യമാർന്ന അനുഭവങ്ങളാണ് പാഠഭാഗങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ബാലപാഠം മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെയുള്ള പഠനകാലഘട്ടത്തെ അഞ്ച് ഘട്ടങ്ങളായി തിരിച്ചിരിക്കുന്നു.

ഇതിലെ യരുശലേം എന്ന വിഭാഗത്തിലെ പത്താം ക്ലാസിലേക്കുള്ള പാഠപുസ്തകമാണിത്. ഭാഗം 1 എന്ന ഈ പുസ്തകം അർദ്ധവാർഷിക പരീക്ഷയ്ക്കു മുമ്പു പഠിക്കേണ്ടതും, ഭാഗം 2 അതിനുശേഷം പഠിക്കേണ്ടതുമാണ്. സൺഡേസ്കൂൾ ക്ലാസ്സുകളിൽ ആദിയോടന്തം ശ്രദ്ധയോടെ പങ്കെടുക്കണം. ക്ലാസുകൾ ഒരിക്കലും മുടക്കരുത്. അദ്ധ്യാപകരോട് വളരെ സ്നേഹത്തോടും ആദരവോടും കൂടെ ഇടപെടണം. സംശയങ്ങൾ ചോദിക്കണം. ക്ലാസിൽ ഗ്രൂപ്പായി ചർച്ചകളും അഭിനയങ്ങളും നടത്തണം. പാഠഭാഗങ്ങൾ ക്ലാസിൽ പഠിപ്പിക്കുന്നതിനു മുമ്പായിത്തന്നെ നന്നായി വായിച്ച് കഴിയുന്നത്ര കാര്യങ്ങൾ മനസ്സിലാക്കി വേണം ക്ലാസിൽ എത്താൻ. അപ്പോൾ നിങ്ങൾക്ക് നല്ല സംശയങ്ങൾ ചോദിക്കുവാനും, പഠനം ആസ്വദിക്കുവാനും കഴിയും. ഈ പുസ്തകത്തിലെ വിവിധ പാഠങ്ങളുടെ ഘടന ഒന്ന് പരിചയപ്പെടുത്താം.

### 1. പഠനോദ്ദേശ്യങ്ങൾ

ഓരോ പാഠവും പഠിച്ചു കഴിയുമ്പോൾ നിങ്ങളുടെ ബുദ്ധിയിലും സ്വഭാവത്തിലും ഉണ്ടാകേണ്ട മാറ്റങ്ങളാണ് ഇവിടെ പഠനോദ്യേശങ്ങളായി നൽകിയിരിക്കുന്നത്. സൺഡേസ്കൂൾ പഠനത്തിന്റെ ആത്യന്തികലക്ഷ്യം- ''ഒരു ഉത്തമ ദൈവ പൈതലായി ജീവിച്ച് സ്വർഗ്ഗരാജ്യത്തിന്റെ അഥവാ നിത്യജീവന്റെ അവകാശിയായിത്തീരുക'' എന്നതാണ്. ആ ലക്ഷ്യം നിറവേറുവാൻ തക്കവണ്ണം പ്രാർത്ഥന, നോമ്പ്, അനുഷ്ഠാനങ്ങൾ, തിരുവചന ധ്യാനം, ആരാധന, നല്ല ശീലങ്ങൾ, വിശ്വാസസത്യങ്ങൾ തുടങ്ങിയ വിവിധ പാഠങ്ങൾ ഇവിടെ ഉൾപ്പെടുത്തിയിട്ടുണ്ട്. ക്ലാസിൽ പഠനത്തോടൊപ്പം പ്രാർത്ഥിക്കുവാനും, പാട്ടുപാടുവാനും, അഭിനയിക്കുവാനും, ചർച്ച ചെയ്യുവാനും ഒക്കെയുള്ള അവസരങ്ങൾ പ്രയോജനപ്പെടുത്തുമ്പോൾ ഈ ലക്ഷ്യങ്ങൾ നേടുവാൻ നമുക്ക് കഴിയും.

## 2. മനഃപാഠവാക്യം

ഓരോ പാഠത്തിലെയും പ്രധാന ആശയവുമായി ബന്ധപ്പെട്ട ഒരു വാക്യം ഓരോ ക്ലാസിനും ശേഷം ഹൃദിസ്ഥമാക്കുന്നതിനായി നൽകിയിരിക്കുന്നു. ഈ വാക്യം വേദ പുസ്തകത്തിൽ നിന്നു തന്നെ വായിച്ച് പല പ്രാവശ്യം പറഞ്ഞ് പഠിക്കണം. അതിന്റെ അർത്ഥവും സന്ദർഭവും മനസ്സിലാക്കണം. അടുത്ത ക്ലാസിൽ ഈ വാക്യവും അതിന്റെ റഫറൻസും കാണാതെ പറഞ്ഞു കേൾപ്പിക്കുവാൻ ഉത്സാഹിക്കണം.

## 3. പഠന സഹായികൾ

ഓരോ പാഠഭാഗവും നന്നായി മനസ്സിലാക്കുവാനായി ഉപയോഗിക്കാവുന്ന ചിത്ര ങ്ങൾ, പുസ്തകങ്ങൾ, വി. വേദപുസ്തകം, വി. കുർബ്ബാനക്രമം, പ്രാർത്ഥനാക്രമം (പാമ്പാക്കുടനമസ്ക്കാരം), ചാർട്ടുകൾ തുടങ്ങിയവ ഈ ഭാഗത്ത് നൽകിയിരിക്കുന്നു. ഇവ പഠനത്തിനായി ഉപയോഗപ്പെടുത്തുവാൻ അദ്ധ്യാപകരെ സഹായിക്കണം. വീട്ടിൽ കമ്പ്യൂട്ടറും ഇന്റർനെറ്റും ഉള്ളവർക്ക് വെബ്സൈറ്റിൽ നിന്നും ധാരാളം ചിത്രങ്ങളും, വിശദാംശങ്ങളും ലഭിക്കുന്നതാണ്. അവയും നിങ്ങൾ പ്രയോജനപ്പെടുത്തണം. കൂടാതെ സഭാവിജ്ഞാനകോശം, മലങ്കര സഭാപിതാക്കന്മാർ, തിരുവചനഭാഷ്യം, ബൈബിൾ നിഘണ്ടു തുടങ്ങിയ ഗ്രന്ഥങ്ങൾ പരിശോധിച്ച് പാഠപുസ്തകത്തിലെ ചുരുങ്ങിയ ആശയങ്ങളെ നിങ്ങൾക്ക് ആഴത്തിൽ മനസ്സിലാക്കാവുന്നതാണ്. ഇപ്ര കാരം ലഭിക്കുന്ന ആശയങ്ങൾ നിങ്ങൾ ഡയറിയിൽ കുറിച്ചുവച്ച് പഠിക്കണം.

## 4. ആമുഖം

പാഠഭാഗത്തിലെ ആശയങ്ങൾ നന്നായി മനസ്സിലാക്കുവാൻ വേണ്ടി വളരെ ലളിത മായ ഒരു തുടക്കമാണ് ഈ ഭാഗത്ത് നൽകിയിരിക്കുന്നത്. നിങ്ങൾ കേട്ടിട്ടുള്ളതും, കണ്ടിട്ടുള്ളതും, നിങ്ങൾക്ക് വളരെ പരിചയമുള്ളതുമായ കാര്യങ്ങൾ ഇതിൽ ഉൾക്കൊ ള്ളിച്ചിരിക്കുന്നു. അതിനാൽ ഈ ഭാഗം വായിച്ചിട്ടുമാത്രമേ പാഠഭാഗം പഠിക്കുവാൻ തുടങ്ങാവൂ.

## 5. പാഠഭാഗം

പാഠത്തിന്റെ ഉള്ളടക്കമാണ് ഇവിടെ നൽകിയിരിക്കുന്നത്. ഇത് കഴിയുന്നത്ര ലളിത മാക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. ബുദ്ധിമുട്ടുള്ളവ അദ്ധ്യാപകർ ക്ലാസിൽ പഠിപ്പിക്കുമ്പോൾ ശ്രദ്ധയോടെ മനസ്സിലാക്കണം. സംശയങ്ങൾ ചോദിക്കണം. ക്ലാസിൽ നിങ്ങൾ മിണ്ടാ തെയിരുന്ന് കേൾക്കുന്നവർ മാത്രമാകരുത്. അദ്ധ്യാപകരോടൊത്ത് നിങ്ങളും സജീ വമായി പഠനത്തിൽ പങ്കെടുക്കണം. പഠനത്തിൽ നല്ല ഉത്സാഹമുള്ളവരായിരിക്ക ണം. വി. വേദപുസ്തകം, നോട്ടുബുക്ക്, പേന, പാഠപുസ്തകം ഇവ എല്ലാ ക്ലാസിലും കൊണ്ടുപോകണം. വി. കുർബ്ബാനക്രമം, പ്രാർത്ഥനാക്രമം ഇവ വീട്ടിൽ വന്ന് നോക്കി പാടുകയും, പ്രാർത്ഥിക്കുകയും ചെയ്യണം. പഠനത്തിനിടയിൽ ഒരു തിരിഞ്ഞുനോട്ട ത്തിനായി അല്പം നിർത്താം..... ചിന്തിക്കാം..... എന്നൊരു ഭാഗം നൽകിയിട്ടുണ്ട്. പഠിച്ച അത്രയും ഭാഗത്തുനിന്നുള്ള രണ്ടോ മൂന്നോ ചോദ്യങ്ങളാണ് ഇവിടെ നൽകി യിരിക്കുന്നത്. ഇവ അദ്ധ്യാപകർ ചോദിക്കുമ്പോൾ നന്നായി ഉത്തരം നൽകണം.

ഇതുപോലെ പലയിടത്തും ആരാധനാഗീതങ്ങളും, പ്രാർത്ഥനകളും ഒക്കെ പരിചയപ്പെടുത്തുന്നുണ്ട്. വി. വേദപുസ്തകം ക്ലാസിൽ ഉടനീളം ഉപയോഗപ്പെടുത്തണം. അദ്ധ്യാപകർ ഒരു വാക്യം പറയുമ്പോൾത്തന്നെ അത് എടുത്ത് വായിച്ചു കേൾപ്പിക്കണം. പ്രാർത്ഥന, ആരാധനാഗീതം, എന്റെ സഭ, വിശ്വാസസത്യങ്ങൾ, വി. കുർബ്ബാന ഒരു പഠനം, മഹദ്വ്യക്തിപരിചയം, നല്ല ശീലങ്ങൾ ഇവയ്ക്കെല്ലാം പ്രത്യേക യൂണിറ്റുകൾ ക്രമീകരിച്ചിട്ടുണ്ട്. ''പ്രാർത്ഥന'' എന്ന യൂണിറ്റിൽ സന്ധ്യയ്ക്കും, പ്രഭാതത്തിലും പ്രാർത്ഥിക്കുന്ന കുടുംബാരാധന ക്രമത്തിലെ പ്രാർത്ഥനകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇവ ഭവനത്തിൽ പ്രാർത്ഥിച്ചുതന്നെ മന:പാഠമാക്കുവാൻ ശ്രദ്ധിക്കണം. ഭവനത്തിൽ സന്ധ്യയ്ക്കും, പ്രഭാതത്തിലും പ്രാർത്ഥിക്കുവാൻ ഉത്സാഹിക്കണം. 'ആരാധനാ ഗീതങ്ങൾ' എന്ന ഭാഗത്ത് വി. കുർബ്ബാനയിലെ ഗീതങ്ങളാണ് പ്രധാനമായും നൽകിയിട്ടുള്ളത്. അത് നന്നായി പഠിച്ച് അർത്ഥം മനസ്സിലാക്കി, വി. കുർബ്ബാനയിൽ പങ്കെടുക്കുമ്പോൾ, ചൊല്ലുകയും അങ്ങനെ അവ മന:പാഠമാക്കുകയും വേണം. 'മഹദ്വ്യക്തിപരിചയം' എന്ന യൂണിറ്റിൽ സഭാപിതാക്കന്മാരുടെ ജീവിതചരിത്രമാണ് പഠിക്കുന്നത്. ഇതോടൊപ്പം അവരെപ്പറ്റിയുള്ള കൂടുതൽ വിവരങ്ങൾ ശേഖരിക്കുവാനും, കബറിടങ്ങൾ സന്ദർശിക്കുവാനും, ജീവചരിത്രപുസ്തകങ്ങൾ വായിക്കുവാനും ഉത്സാഹിക്കണം. ചുരുക്കത്തിൽ പാഠഭാഗത്ത് പഠിക്കുന്ന ആശയങ്ങൾ നമ്മുടെ ജീവിതത്തിൽ പ്രാവർത്തികമാക്കുവാൻ ശ്രമിക്കണം.

### 6. നമുക്ക് ചിന്തിക്കാം

പാഠഭാഗത്തിലെ ആശയങ്ങളെ സംബന്ധിച്ചുള്ള പ്രധാനപ്പെട്ട ചില ചോദ്യങ്ങളാണ് ഇവിടെ നൽകിയിരിക്കുന്നത്. ഇവ ടീച്ചർ ക്ലാസിൽ ചോദിക്കുമ്പോൾ നിങ്ങൾ നന്നായി ഉത്തരം നൽകണം. വീട്ടിൽ വച്ച് ഇവയുടെ ഉത്തരങ്ങൾ ചിന്തിക്കുകും, ഡയറിയിൽ കുറിച്ചു വയ്ക്കുകയുമാകാം. ഇത് പഠനത്തിനുമുമ്പും ബുദ്ധിമുട്ടുള്ളവ പഠനത്തിനു ശേഷവും ചെയ്യണം.

### 7. പ്രവർത്തനങ്ങൾ

പാഠഭാഗവുമായി ബന്ധപ്പെട്ട ഏതാനും പ്രവർത്തനങ്ങളാണ് ഇവിടെ നൽകിയിട്ടുള്ളത്. ചിത്രങ്ങൾ ശേഖരിച്ച് ആൽബം നിർമ്മിക്കുക, ക്ലാസിൽ ചർച്ച സംഘടിപ്പിക്കുക, റോൾപ്ലെ/സ്ക്കിറ്റ്/മൈം/സംഭാഷണങ്ങൾ തുടങ്ങിയവ അഭിനയിക്കുക, ഡയറിക്കുറിപ്പ് തയ്യാറാക്കുക, ചാർട്ടുകൾ നിർമ്മിക്കുക തുടങ്ങിയ രസകരങ്ങളായ പ്രവർത്തനങ്ങളാണ് ഇവയെല്ലാം. ഇതു നന്നായി ചെയ്യുന്നപക്ഷം നിങ്ങൾ പഠനത്തെ ഇഷ്ടപ്പെടുകയും പഠിച്ച ആശയങ്ങൾ നന്നായി മനസ്സിലാക്കുവാനും ജീവിതത്തിൽ പ്രാവർത്തികമാക്കു◌ാവനും അത് സഹായിക്കുകയും ചെയ്യും.

### 8. നമുക്ക് പാടാം

പാഠഭാഗവുമായി ബന്ധപ്പെട്ട ഒരു ഗാനമാണ് ഇവിടെ നൽകിയിരിക്കുന്നത്. എല്ലാവരും നല്ല ഉത്സാഹത്തോടെ ഈ ഗീതങ്ങൾ ചൊല്ലണം. ഈ പുസ്തകത്തിൽ നൽകിയിട്ടുള്ളത് വി. കുർബ്ബാനയിൽ പ്രത്യേക ദിവസങ്ങളിൽ ഉപയോഗിക്കുന്ന ഗീതങ്ങളാണ് അധികവും. വി. കുർബ്ബാന ക്രമത്തിൽ അവസാന ഭാഗത്ത് നൽകിയിരിക്കുന്ന

പ്രത്യേക ദിവസങ്ങളിലെ ഗീതങ്ങളാണ് ഇവ. ക്ലാസിൽ ടീച്ചറോടൊപ്പം പാഠപുസ്തകത്തിൽ നിന്ന് ഇവ ചൊല്ലുകയും ഭവനത്തിൽവന്ന് വി. കുർബ്ബാനക്രമം നോക്കി നന്നായി വീണ്ടും ചൊല്ലിപഠിക്കുകയും വേണം. ഇതോടൊപ്പം വി. കുർബ്ബാന ക്രമത്തിൽ ആ ഭാഗത്ത് നൽകിയിട്ടുള്ള മറ്റ് ഗീതങ്ങളും ചൊല്ലി ആസ്വദിക്കാവുന്നതാണ്. ഈ ഭാഗത്ത് നൽകിയിട്ടുള്ള ഗീതങ്ങൾ പരീക്ഷയ്ക്ക് ചോദ്യങ്ങളിൽ ഉൾപ്പെടുത്തുന്നതല്ല.

### 9. നിശ്ചയം

ഓരോ പാഠത്തിന്റെയും അവസാനം നിങ്ങൾ കൈക്കൊള്ളേണ്ട ഒരു തീരുമാനമാണ് ഇവിടെ നൽകിയിരിക്കുന്നത്. ഈ വാചകങ്ങൾ ടീച്ചർ ചൊല്ലിത്തരുമ്പോൾ എല്ലാവരും ചേർന്ന് ഉത്സാഹത്തോടെ ഏറ്റുചൊല്ലണം. വെറുതെ യാന്ത്രികമായി ചൊല്ലുകയല്ല, മറിച്ച് നിങ്ങളുടെ ജീവിതത്തിൽ അത് പ്രാവർത്തികമാക്കുവാൻ പരിശ്രമിക്കുക തന്നെ ചെയ്യണം.

### 10. നമുക്ക് പ്രാർത്ഥിക്കാം

പാഠഭാഗവുമായി ബന്ധപ്പെട്ട ഒരു ലഘു പ്രാർത്ഥനയാണ് ഇവിടെ നൽകിയിരിക്കുന്നത്. ഈ പ്രാർത്ഥനയോടെയാണ് ക്ലാസ് അവസാനിക്കുന്നത്. അതിനാൽ എല്ലാവരും എഴുന്നേറ്റുനിന്ന് കുരിശ് വരച്ച് ശ്രദ്ധയോടെ പ്രാർത്ഥിക്കണം. ടീച്ചർ ചൊല്ലിത്തരുന്ന വാചകങ്ങൾ നിങ്ങൾ ഏറ്റു ചൊല്ലണം. പാമ്പാക്കുട (പ്രാർത്ഥനാക്രമം) നമസ്ക്കാര പുസ്തകത്തിലെ പ്രത്യേക പ്രാർത്ഥനകൾ എന്ന ഭാഗത്ത് നൽകിയിട്ടുള്ള പ്രാർത്ഥനകളാണ് ഓരോ പാഠത്തിലും ഉൾപ്പെടുത്തിയിട്ടുള്ളത്. അതിനാൽ ഭവനത്തിൽ ചെന്നു, ഈ പ്രാർത്ഥന പേജ് നമ്പർ നോക്കി കണ്ടുപിടിച്ച്, പ്രാർത്ഥിക്കണം. കൂടാതെ ഇതേ ഭാഗത്തുതന്നെ കൂടുതൽ പ്രാർത്ഥനകൾ പ്രാർത്ഥനാക്രമത്തിൽ നൽകിയിട്ടുണ്ട്. അവയും ശ്രദ്ധയോടെ വായിക്കേണ്ടതാണ്. നമ്മുടെ സഭാപിതാക്കന്മാർ ശ്രദ്ധയോടെ പ്രാർത്ഥിച്ചിരുന്ന മനോഹരങ്ങളായ പ്രാർത്ഥനകളാണിവ. അവ പരിചയപ്പെടുന്നതും പ്രാർത്ഥിക്കുന്നതും ജീവിതത്തിലെ ഒരു ഭാഗ്യം തന്നെയായി കരുതണം.

### 11. തുടർ വായനയ്ക്ക്

പാഠഭാഗവുമായി ബന്ധപ്പെട്ട വിവിധ വേദപുസ്തകഭാഗങ്ങൾ അടുത്ത ഒരാഴ്ച വിവിധ ദിവസങ്ങളിൽ രാവിലെയും, വൈകുന്നേരവും വായിക്കുന്നതിനും, ധ്യാനിക്കുന്നതിനുമായി ഈ ഭാഗത്ത് നൽകിയിരിക്കുകയാണ്. ഓരോ ഞായറാഴ്ചയും വൈകുന്നേരം മുതൽ അടുത്ത ഞായറാഴ്ച രാവിലെ വരെ വായിക്കുന്നതിനുള്ള വേദഭാഗങ്ങളാണ് ഇവ. സൺഡേസ്കൂൾ പഠനം ഇടമുറിയാതെ നിലനിർത്തുവാനും, തിരുവചന ധ്യാനത്തിൽ താൽപര്യം വർദ്ധിക്കുവാനും ഇത് സഹായിക്കുന്നു. ഈ തിരുവചന ഭാഗങ്ങൾ മുടങ്ങാതെ നിങ്ങൾ വൈകുന്നേരവും, പ്രഭാതത്തിലും പ്രാർത്ഥനയ്ക്കായി വേർതിരിച്ചിട്ടുള്ള സമയത്ത് വായിച്ച് ഒരു നിമിഷം ധ്യാനിക്കണം. ഈ പരിശീലനം പതിവായ കുടുംബപ്രാർത്ഥനയ്ക്കും നിങ്ങളെ സഹായിക്കും.

**എന്നാൽ പത്താം ക്ലാസിൽ ഈ രീതിയല്ല അനുവർത്തിക്കുന്നത്. പരിശുദ്ധ കാതോലിക്കാ ബാവാതിരുമനസ്സുകൊണ്ട് തയ്യാറാക്കിയിട്ടുള്ള 'വേദവായനകലണ്ടർ' എന്ന ചെറുപുസ്തകം ഉപയോഗിച്ച് അതിൽ നിർദ്ദേശിക്കുന്ന പ്രകാരം വായിച്ച് വേദപുസ്തകം പൂർണ്ണമായി വായിച്ചു തീർക്കുവാനാണ് ക്രമീകരണം ചെയ്തിരിക്കുന്നത്. പത്താം ക്ലാസിലെ എല്ലാ കുട്ടികളും പ്രസ്തുത പുസ്തകം ഉപയോഗിക്കുകയും പതിനൊന്നാം ക്ലാസിൽ വി. വേദപുസ്തകം വായിച്ചുതീർക്കുകയും വേണം.**

യരുശലേം വിഭാഗത്തിലെ ക്ലാസിലാണ് നിങ്ങൾ എത്തിയിരിക്കുന്നത്. പാഠഭാഗങ്ങൾ സ്വയം പഠിക്കുവാനുള്ള പ്രാപ്തി നിങ്ങൾക്ക് ഉണ്ട്. ശനിയാഴ്ച രാത്രി പ്രാർത്ഥന കഴിഞ്ഞുള്ള സമയം സൺഡേസ്കൂൾ പഠനത്തിനായി നീക്കിവയ്ക്കണം. ഈ സമയത്ത് പാഠപുസ്തകം നോക്കി സ്വയമായി പഠിക്കണം. വി. വേദപുസ്തകവും, മറ്റ് പഠന സഹായികളും ഉപയോഗപ്പെടുത്തണം. ഓരോ പാഠവും വീട്ടിൽവച്ച് നന്നായി പഠിച്ച് നോട്ടുബുക്കിൽ പ്രധാന ആശയങ്ങളും മറ്റ് സ്രോതസ്സുകളിൽ നിന്ന് ലഭിച്ച ആശയങ്ങളും എഴുതിവച്ച് തയ്യാറായി വേണം സൺഡേസ്കൂളിലെത്താൻ. ബുദ്ധിമുട്ടുള്ള ഭാഗങ്ങൾ ക്ലാസിൽ ടീച്ചറോടൊത്ത് ചിന്തിക്കുകയും, ചർച്ചചെയ്യുകയും ഒക്കെ ചെയ്യാൻ സമയം ലഭിക്കുന്നതാണ്. ക്ലാസിൽ നിങ്ങൾ വളരെ ഉത്സാഹമുള്ളവരായിരിക്കണം.

സഭയിലെ വളർന്നുവരുന്ന തലമുറയെ ആത്മീകമായി പരിശീലിപ്പിക്കുകയും, സത്യവിശ്വാസത്തിലും, സത്യാരാധനയിലും ഉറപ്പിക്കുന്നതിലും ഗണ്യമായ പങ്കുവഹിക്കുന്ന നമ്മുടെ പ്രിയപ്പെട്ട സൺഡേസ്കൂൾ അദ്ധ്യാപകർ ചെയ്യുന്ന സേവനം നിസ്തുലമാണ്. നിങ്ങൾ എല്ലാവരും അവരെ സ്നേഹിക്കണം, അനുസരിക്കണം, അവർക്കുവേണ്ടി പ്രാർത്ഥിക്കണം. അവർ നമ്മെ എത്രമാത്രം സ്നേഹിക്കുന്നു എന്ന് തിരിച്ചറിയണം. പുതിയ പാഠ്യപദ്ധതിയുടെ വിജയകരവും, ഭാവനാ പൂർണ്ണവുമായ നടത്തിപ്പിന് നമ്മുടെ എല്ലാ അദ്ധ്യാപകരുടെയും, പ്രിയപ്പെട്ട വിദ്യാർത്ഥികളുടെയും പരിപൂർണ്ണമായ സഹകരണം ഉണ്ടായേ മതിയാവൂ. പുതിയ പാഠ്യപദ്ധതി, പഴയ രീതികളിൽ നിന്നും ഒരുനല്ല അളവുവരെ വിഭിന്നമാകയാൽ അദ്ധ്യാപകരും വിദ്യാർത്ഥികളും ശ്രദ്ധയോടുകൂടി ഈ പദ്ധതിയും, ഇതിലെ പഠനരീതികളും ഉപയോഗപ്പെടുത്തണം. നിങ്ങളുടെ വിലയേറിയ നിർദ്ദേശങ്ങളും, അഭിപ്രായങ്ങളും, പ്രോത്സാഹനങ്ങളും ഞങ്ങളെ അറിയിക്കണമെ.

കർത്തൃശുശ്രൂഷയിൽ,

ഡോ. സാം വി. ഡാനിയേൽ
എക്സിക്യൂട്ടീവ് എഡിറ്റർ
ഫോൺ: 9495300773

# ഉള്ളടക്കം

**യൂണിറ്റ് –1. വി. വേദപുസ്തക പഠനം**

*പാഠം 1.* പഴയ-പുതിയ നിയമങ്ങളുടെ ഇടക്കാല ചരിത്രം ........ 13

*പാഠം 2.* പഴയനിയമ ആരാധന ........ 21

*പാഠം 3.* പഴയനിയമ പൗരോഹിത്യം ........ 27

*പാഠം 4.* യഹൂദ പെരുന്നാളുകൾ ........ 33

*പാഠം 5.* വേദപുസ്തക പരിചയം ........ 39

*പാഠം 6* പൗലോസിന്റെ ലേഖനങ്ങൾ ........ 46

*പാഠം 7.* പൗലോസിന്റെ വേദശാസ്ത്ര ദർശനങ്ങൾ ........ 51

*പാഠം 8.* പൊതുവിലുള്ള ലേഖനങ്ങൾ ........ 56

*പാഠം 9.* വെളിപാടുപുസ്തകം ........ 62

*പാഠം 10.*വേദപുസ്തക കാനോൻ ........ 67

**യൂണിറ്റ് –2 . പ്രാർത്ഥന**

*പാഠം 11.* ഹാശാ ആഴ്ചയിലെ കൗമ ........ 73

*പാഠം 12* ഹാശാ ആഴ്ചയിലെ ക്രമീകരണം ........ 77

*പാഠം 13.* പെസഹാ-ദുഃഖ ശനിയാഴ്ച കുർബ്ബാനകളുടെ പ്രത്യേകതകൾ ..... 82

**യൂണിറ്റ് –3 . ആരാധനാ ഗീതങ്ങൾ**

*പാഠം 14.* സ്ലീബാ-സന്ധ്യാനമസ്കാരം ........ 87

*പാഠം 15.* സ്ലീബായുടെ കുക്കിലിയോൻ ........ 93

**ഉപപാഠഭാഗം**

പ. പരുമലതിരുമേനിയുടെ ജീവചരിത്രം ........ 101

യൂണിറ്റ് ഒന്ന്

# വേദപുസ്തക പഠനം

## പാഠം 1

# പഴയ-പുതിയ നിയമങ്ങളുടെ ഇടക്കാല ചരിത്രം

### പഠനോദ്ദേശ്യങ്ങൾ

കാലത്തികവിൽ ദൈവം മനുഷ്യനായി നമ്മുടെയിടയിൽ പാർത്തതിന്റെ വിവരണം നമുക്ക് സുവിശേഷങ്ങളിലൂടെ ലഭിക്കുന്നുണ്ട്. സുവിശേഷ പരാമർശങ്ങളുടെ, യാഥാർത്ഥ്യം ബോധ്യപ്പെടുവാൻ ഈ രചനകളുടെ ചരിത്രവും പുതിയനിയമത്തിന്റെ രചനാചരിത്രവും മാത്രം അറിഞ്ഞാൽ മതിയാകുകയില്ല. പഴയതിന്റെ തുടർച്ചയിൽ പുതിയനിയമത്തിലേക്ക് എത്തുന്നതിനുമുമ്പ് ഒരു കാലഘട്ടം വേദപുസ്തകഭാഗമാകാതെ വിസ്മൃതമായിട്ടുണ്ട്. അത് മനസ്സിലാക്കി ക്രിസ്തു ചരിത്രത്തിന്റെ ആഴങ്ങൾ തിരിച്ചറിയുക.

**മനഃപാഠവാക്യം**: "ദൈവം പണ്ട് ഭാഗം ഭാഗമായിട്ടും വിവിധമായിട്ടും പ്രവാചകന്മാർ മുഖാന്തിരം പിതാക്കന്മാരോട് അരുളിച്ചെയ്തിട്ട്, ഈ അന്ത്യകാലത്തു പുത്രൻ മുഖാന്തിരം നമ്മോട് അരുളിച്ചെയ്തിരിക്കുന്നു" (എബ്രായർ 1:1).

**പഠന സഹായികൾ:**

1 ഇതര കാനോനിക ഗ്രന്ഥങ്ങൾ അഥവാ അപ്പോക്രിഫാ പുസ്തകങ്ങൾകൂടി ഉൾക്കൊള്ളുന്ന വേദപുസ്തകം

2 പ്ശീത്തോ വേദപുസ്തകത്തിന്റെ മലയാളവിവർത്തനം

3 വി. വേദപുസ്തകം, വി. കുർബ്ബാനക്രമം, പ്രാർത്ഥനാക്രമം

### ആമുഖം

പഴയനിയമ പുസ്തകങ്ങളിൽ ഏറ്റവും ഒടുവിലെഴുതപ്പെട്ട ഗ്രന്ഥങ്ങളായ ഹഗ്ഗായി, സെഖര്യാവ് എന്നീ പ്രവചനങ്ങളും ചരിത്രപരാമർശങ്ങളുള്ള എസ്രാ, നെഹെമ്യാ പുസ്തകങ്ങളും പ്രവാസത്തിൽനിന്ന് മടങ്ങിവന്ന യഹൂദന്മാരുടെ വിശ്വാസജീവിതത്തെ വരച്ചുകാണിക്കുന്നുണ്ട്. ഇത് ക്രി. മു. 400-ാം ആണ്ടുവരെയുള്ള വിവരണങ്ങളാണ്. കുറെകാലം കഴിഞ്ഞ് (ക്രി. മു. രണ്ടാം നൂറ്റാണ്ട്) എഴുതപ്പെട്ട ദാനിയേലിന്റെ പുസ്തകം

യഥാർത്ഥ ചരിത്ര കഥാകഥനമല്ല നടത്തുന്നത്. പുതിയ നിയമത്തിലെ ആദ്യ പുസ്തകം ക്രിസ്ത്വബ്ദം 52-ൽ ആണ് എഴുതപ്പെടുന്നത്. ക്രിസ്തു ചരിത്രങ്ങളായ സുവിശേഷങ്ങൾ ക്രിസ്ത്വബ്ദം 65-ന് ശേഷവും. ഇതിനിടയിൽ ക്രി. മു. 400 മുതൽ ക്രിസ്ത്വബ്ദം 60 വരെയുള്ള യഹൂദചരിത്രം ഒന്നന്വേഷിക്കുവാനാണ് ഈ പാഠത്തിലൂടെ നമ്മൾ ശ്രമിക്കുന്ന്.

## പാഠഭാഗം

ക്രി. മു. 538-ൽ പാർസി രാജാവായ കോരെശ് ഒരു വിളംബരം വഴി യഹൂദന്മാരെ പ്രവാസത്തിൽനിന്ന് യരുശലേമിലേക്ക് മടങ്ങുവാൻ അനുവദിച്ചു. തുടർന്ന് വിവിധ ഘട്ടങ്ങളിലായി എസ്രാ, നെഹെമ്യാവ് എന്നിവരുടെ നേതൃത്വത്തിലും മഹാപുരോഹിതനായ യോശുവ, യഹൂദാ ഗോത്രക്കാരനായ സെരുബാബേൽ എന്നിവരുടെ നേതൃത്വത്തിലുമായി ദേവാലയം പുനഃസ്ഥാപിച്ച് പ്രതിഷ്ഠിച്ചതായി ഹഗ്ഗായി, സെഖര്യാവ് പ്രവചനപുസ്തകങ്ങളിൽനിന്നും എസ്രാ, നെഹമ്യാവ് പുസ്തകങ്ങളിൽനിന്നും നമുക്ക് മനസ്സിലാക്കാം. ഈ ദേവാലയം യരുശലേമിലെ രണ്ടാം ദേവാലയം എന്നാണ് അറിയപ്പെടുന്നത്. ക്രി. മു. 515-ൽ ദര്യാവേശ് രജാവിന്റെ വാഴ്ചയുടെ ആറാം ആണ്ടിൽ ആദാർമാസം 3-ാം തീയതി ദേവാലയം പണിതീർത്തു (എസ്രാ. 6:15).

പുരാതന പശ്ചിമേഷ്യയിൽ യിസ്രായേലിനെത്തുടർന്ന് വൻശക്തികളായി വന്ന വംശങ്ങൾ അശ്ശൂർ, ബാബിലോൺ, മേദ്യർ, പാർസികൾ, യവനന്മാർ, റോമക്കാർ എന്നിവരാണ്. പാർസി രാജാക്കന്മാരുടെ കാലത്താണ് (ക്രി. മു. 538-332) ബാബിലോണ്യ പ്രവാസികൾ യരുശലേമിലേക്കു മടങ്ങിവന്നത്. തുടർന്നുള്ള കാലഘട്ടത്തിനെക്കുറിച്ച് നമുക്ക് അറിവു ലഭിക്കുന്നത് മക്കാബ്യരുടെ പുസ്തകങ്ങളിൽനിന്നും ജോസീഫസ്, അലക്സാന്ത്രിയയിലെ ഫിലോ എന്നിവരുടെ എഴുത്തുകളിൽനിന്നുമാണ്. ക്രിസ്ത്വബ്ദം ഒന്നാം നൂറ്റാണ്ടിൽ ജീവിച്ചിരുന്നവരാണിവർ. റോമൻ ചക്രവർത്തി ഗായൊസ് കലിഗുളയുടെ കാലത്ത് (39-40 എ.ഡി.) ഫിലോ അലക്സാന്ത്രിയയിലെ യഹൂദന്മാരെ പ്രതിനിധീകരിച്ച് റോമിൽ പോയതായി പരാമർശമുണ്ട്. യരുശലേമിൽ ജനിച്ച ജോസിഫസ്, ഫിലോയേക്കാൾ ചെറുപ്പമാണ്. കലിഗുളയുടെ ഭരണകാലത്തായിരുന്നു അദ്ദേഹത്തിന്റെ ജനനം. ഇരുവരുടെയും എഴുത്തുകൾ യവനകാലം മുതൽ റോമിന്റെ അധീശത്വംവരെയുള്ള ചരിത്രം വിവരിക്കുന്നുണ്ട്.

**അല്പം നിർത്താം... ചിന്തിക്കാം...**

1 ഹഗ്ഗായി, സെഖര്യാവ് എന്നീ പുസ്തകങ്ങൾ വായിച്ച് ദേവാലയ നിർമ്മാണത്തിന് നേതൃത്വം നൽകിയവരെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുക
2 പുരാതന പശ്ചിമേഷ്യയിലെ ചില പ്രധാന ഭരണവംശങ്ങൾ ഏതെല്ലാം?
3 രണ്ടാം ദൈവാലയത്തിന് അനുമതി നൽകിയത് ആര്?
4 ഈ ദേവാലയത്തിന്റെ പണി പൂർത്തിയാക്കിയതെന്ന്? ആരുടെ ഭരണകാലത്ത്?

## യവനകാലഘട്ടം (ക്രി. മു. 333-63)

ക്രി. മു. 333-ൽ മാസിഡോണിയ(മക്കദോന്യ)യിലെ ഫിലിപ്പിന്റെ മകൻ അലക്സാണ്ടർ (മഹാനായ അലക്സാണ്ടർ) പാർസികളെ പരാജയപ്പെടുത്തി ബാബേലും, മിസ്രയീം

(ഈജിപ്റ്റ്) വരെയും സ്വന്തമാക്കി. വടക്കേ ഇന്ത്യയിലും അദ്ദേഹം എത്തിയതായി ചരിത്രകാരന്മാർ രേഖപ്പെടുത്തുന്നു. തന്റെ മടക്കയാത്രയിൽ ബാബേലിൽവച്ച് 33-ാം വയസ്സിൽ (ക്രി. മു. 323) അദ്ദേഹം മരിച്ചു. അലക്സാണ്ടറിന്റെ കാലം മുതലുള്ള കാലഘട്ടത്തെ യവകാലഘട്ടം എന്നാണ് പറയുന്നത്. ഇദ്ദേഹത്തിന്റെ മരണശേഷം പട്ടാള ജനറൽമാരായിരുന്ന ടോളമി(Plotemy)യും സെല്യൂക്കസും തുടർന്ന് അവരുടെ പിൻഗാമികളും ആധിപത്യത്തിനുവേണ്ടി മത്സരിച്ചു. 305-198 കാലഘട്ടത്തിൽ യഹൂദ്യായും മിസ്രയീമും ടോളമിമാരുടെ ഭരണത്തിൽകീഴിലായിരുന്നു. ഈകാലഘട്ടത്തിലാണ് അല്കസാന്ത്രിയായിൽവച്ച് (ടോളമി 2-ാമൻ ഫിലാഡെൽഫസ് ക്രി. മു. 283-246) എബ്രായ വേദപുസ്തകം യവനഭാഷയിലേക്ക് എഴുപത്തിരണ്ട് പണ്ഡിതർ ചേർന്ന് വിവർത്തനം ചെയ്തത് (സപ്തതി LXX-Septuagint എന്ന പേരിൽ ഇത് അറിയപ്പെടുന്നു)

ക്രി. മു 198-63 കാലഘട്ടം സെല്യൂക്കസ് വംശത്തിന്റേതാണ്. അലക്സാണ്ടറുടെ കാലശേഷം വടക്കുദേശങ്ങൾ മെസപ്പൊട്ടാമിയയും സുറിയായും സെല്യൂക്കസിന്റെ കീഴിലായിരുന്നുവെങ്കിലും തെക്ക് മിസ്രയീമും യഹൂദാദേശവും അവരുടെ കീഴിലേക്കുവരുന്നത് അന്ത്യോക്കസ് III (223-187) യഹൂദന്മാരെ പ്രീണിപ്പിച്ച് കൂടെനിർത്തി. ടോളമിമാരെ പരാജയപ്പെടുത്തിയപ്പോഴാണ് ക്രി. മു. 200-ൽ യോർദ്ദാൻ നദിയുടെ പ്രഭവസ്ഥാനമായ പാനിയോനിൽ വച്ചു നടന്ന യുദ്ധത്തിൽ അന്ത്യോക്കസ് ടോളമി സൈന്യത്തെ പരാജയപ്പെടുത്തി. 198-ൽ യരുശലേം കൈവശമാക്കി. അന്ത്യോക്കസ് III യഹൂദന്മാരെ അവരുടെ ന്യായപ്രമാണപ്രകാരം ജീവിക്കുവാൻ അനുവദിച്ചു. സാമ്പത്തികമായ കൈത്താങ്ങൽ കൊടുക്കുകയും ചെയ്തുവെന്ന് ജോസിഫസ് എഴുതുന്നു.

എന്നാൽ ക്രി. മു. 190-ൽ റോം സെല്യൂക്കസ് വംശത്തെ മഗ്നേഷ്യയിൽവച്ച് പരാജയപ്പെടുത്തി. തുടർന്ന് 188-ൽ റോമുമായി യവനർ ഒരു സമാധാന ഉടമ്പടിയുണ്ടാക്കി. ഇപ്രകാരം റോമിന് വലിയൊരു തുക യുദ്ധച്ചെലവിന് നൽകേണ്ടിവന്നത് യവനർക്ക് വലിയ ബാദ്ധ്യതയായി.

ക്രി. മു. 175-164 വരെ യവന ഭരണാധികാരിയായ അന്ത്യോക്കസ് IV എപ്പിപ്പാനിയോസ് യഹൂദമത ജീവിതത്തിന് കടുത്ത വെല്ലുവിളി ഉയർത്തിയ ഭരണാധികാരിയാണ്. 1, 2 മക്കാബ്യരുടെ പുസ്തകം ഇക്കാലഘട്ടത്തിന്റെ ചിത്രം നമുക്ക് തരുന്നുണ്ട്.

**അല്പം നിർത്താം... ചിന്തിക്കാം...**

1 മഹാനായ അലക്സാണ്ടറുടെ യുദ്ധ മുന്നേറ്റത്തേക്കുറിച്ച് നിങ്ങൾ ദിനപാഠശാലയിൽ പഠിച്ചിട്ടുണ്ടോ? അദ്ദേഹത്തെക്കുറിച്ച് ചർച്ച ചെയ്യുക.
2 അലക്സാണ്ടർക്കുശേഷം യവന രാജ്യത്തിന്റെ ഭരണം എങ്ങനെയായിരുന്നു?
3 സപ്തതി എന്നാലെന്ത്? ആ പേരിനുകാരണമെന്ത്? ആരുടെ ഭരണകാലത്താണ് LXX ഉണ്ടായത്?
4 ടോളമി ഭരണത്തിന് അന്ത്യംകുറിച്ച സെല്യൂക്കസ് രാജാവ്?

അന്ത്യോക്കസ് IV ക്രി. മു 175-ൽ ഭരണമേൽക്കുമ്പോൾ യരുശലേമിലെ പ്രധാന പുരോഹിതൻ ഓനിയാസ് III ആയിരുന്നു. വളരെ ഭക്തനായിരുന്ന ഓനിയാസ്, ദൈവാലയത്തിലെ സൈനിക പ്രമാണി ശീമോനുമായി കലഹത്തിലായി (2 മക്കാ. 3). യരുശലേം ദൈവാലയത്തിലെ സമ്പത്തിനെക്കുറിച്ച് ശീമോൻ അന്ത്യോക്കസിനെ അറിയിച്ചു. ഇത്

സ്വന്തമാക്കാൻ രാജാവായ ഫിലിയോഡോറസ് എന്ന ഉദ്യോഗസ്ഥൻ പക്ഷേ വിജയിച്ചില്ല. കുതിരപ്പുറത്തേറിയ രണ്ടു യുവാക്കൾ അദ്ദേഹത്തെ ഇടിച്ചിട്ട് ബോധരഹിതനാക്കിയെന്ന് 2 മക്കാബിയർ എഴുതുന്നു. ഓനിയാസിന്റെ ഇടപെടലാണ് അദ്ദേഹത്തിന്റെ ജീവൻ രക്ഷിച്ചത് (2 മക്കാ. 3: 22-40).

ഓനിയാസിന്റെ സഹോദരനായ യാസോൻ ചക്രവർത്തിക്ക് കൈക്കൂലി കൊടുത്ത് പുരോഹിതസ്ഥാനം കൈക്കലാക്കി (2 മക്കാ. 4: 7-10) ഓനിയാസ് അന്ത്യോഖ്യക്കു സമീപം ഡാഫ്നെയിൽ അഭയാർത്ഥിയായി പാർത്തു. യാസോൻ അന്ത്യോഖ്യയുള്ള ഉടമ്പടി പ്രകാരം യരുശലേമിൽ യവന സംസ്കാരം പരത്തുവാൻ ആവശ്യമായ ഒത്താശകൾ ചെയ്തു. പൗരാണികമായി തലമുറകളിലൂടെ കൈമാറിവന്നിരുന്ന പുരോഹിത സ്ഥാനം അങ്ങനെ ഒരു പുറജാതി രാജാവിന്റെതായി തുടർന്നു. 172-ൽ യാസോൻ അന്ത്യോഖ്യായിലേക്ക് ചക്രവർത്തിയുടെ അടുക്കലേക്ക് പറഞ്ഞയച്ച മെനലാവോസ് തിരികെ യരുശലേമിലേക്കു വന്നത് പുരോഹിതസ്ഥാനം കൈവശപ്പെടുത്തിക്കൊണ്ടാണ്. പുരോഹിത നടുത്ത പ്രവർത്തിയേക്കാൾ ക്രൂരനായ ഏകാധിപതിയുടെ പരാക്രമവുമായാണ് മെനെലാവോസ് യരുശലേമിൽ മടങ്ങിയെത്തിയത് (2 മക്കാ 4: 24-25).

മെനലാവോസ് തന്റെ ആവശ്യത്തിനുവേണ്ടി ദേവാലയ ഭണ്ഡാരത്തിലെ പണം എടുത്തു. ഓനിയാസ് മൂന്നാമനെ കൊല്ലുവാൻ ക്രമീകരണം ചെയ്തു. അങ്ങനെ യരുശലേമിലെ പൗരോഹിത്യം ന്യായപ്രമാണവിരുദ്ധമായ പ്രവൃത്തികളുടെ പ്രണേതാക്കളായി. ഈ സമയത്ത് (BC170) അന്ത്യോഖസ് IV മിസ്രയീമിനെ ആശ്രയിച്ച് ടോളമി VI ഫിലോമിറ്ററിനെ പരാജയപ്പെടുത്തി (2 മക്കാ. 1.17-19) മടക്കയാത്രയിൽ യരുശലേമിൽ വന്ന് ദൈവാലയത്തിൽ പ്രവേശിച്ച് നിലവിളക്കും ബലിപീഠവും ഉപകരണങ്ങളും മേശയും അവിടുത്തെ സമ്പാദ്യങ്ങളായ സ്വർണ്ണവും വെള്ളിയും എല്ലാം എടുത്തുകൊണ്ടുപോയി (1 മക്കാ.1: 21-24) രണ്ടു വർഷത്തിനുശേഷം വീണ്ടും സൈന്യത്തെവിട്ട് അതിന്റെ മതിലുകൾ ഇടിച്ചുകളഞ്ഞ് പുതിയ മതിലു നിർമ്മിച്ച് തന്റെ താവളമാക്കി മാറ്റി. (1 മക്കാ. 1.33) അതേവർഷം തന്നെ ഒരു വിളംബരം പുറപ്പെടുവിച്ചു. (1 മക്കാ. 1:41-52) എല്ലാവരും ചക്രവർത്തിയുടെ ദൈവത്തെ ആരാധിക്കുന്ന ഏകജനതയാകുക. എതിർക്കുന്നവർ വധിക്കപ്പെടുമെന്നായിരുന്നു കല്പന. ദൈവാലയത്തെ സീയൂസ് ദേവന്റെ പേരിൽ പുനർനാമകരണം ചെയ്തു (2 മക്കാ. 6: 12) 167 കിസ്ലേവ് മാസം 15-ാം തീയതി ദൈവാലയത്തിന്റെ ബലിപീഠത്തിൽ അശുദ്ധമൃഗമായ പന്നിമാംസംകൊണ്ട് യാഗമർപ്പിച്ച് ദൈവാലയം അശുദ്ധമാക്കി (1 മക്കാ. 1:54) മാത്രമല്ല യഹൂദ ന്യായപ്രമാണപുസ്തകങ്ങൾ നശിപ്പിക്കുകയും ചെയ്തു (1:56).

മൊദ്ദിനിലെ പുരോഹിതനായ മറ്റത്ഥ്യാസും (ഹസ്മോന്യ വംശങ്ങൾ) മക്കളും ഇതിനെതിരെ പ്രതികരിച്ചു. യവന മര്യാദപ്രകാരം പ്രവർത്തിക്കാനൊരുങ്ങിയ ഒരു യഹൂദനെയും പ്രേരിപ്പിച്ച ഉദ്യോഗസ്ഥനേയും വകവരുത്തിക്കൊണ്ട് ഈ പ്രതിഷേധം ശക്തിപ്പെടുത്തി. 1 മക്കാ. 1-14 അദ്ധ്യായങ്ങൾ വളരെ വിശദമായി ഇക്കാര്യങ്ങൾ വിവരിക്കുന്നു. ഒടുവിൽ മറ്റത്ഥ്യാസിന്റെ മക്കളുടെ നേതൃത്വത്തിൽ പ്രത്യേകാൽ യൂദാ മക്കാബിയസ് (ചുറ്റിക) അന്ത്യോഖ്യസിന്റെ സൈന്യത്തെ പരാജയപ്പെടുത്തി. ക്രി. മു. 164 കിസ്ലേവ് മാസം 15-ാം തീയതി യരുശലേം ദൈവാലയം തിരിച്ചുപിടിച്ച് ശുദ്ധീകരിച്ച് പുനഃപ്രതിഷ്ഠ നടത്തി. ഈ പെരുന്നാൾ തുടർന്ന് ആഘോഷിക്കണമെന്ന് നിശ്ചയം ചെയ്തു. (യോഹ. 1022, 1 മക്കാ. 4.59) ഇത് യഹൂദചരിത്രത്തിൽ പ്രതിഷ്ഠാപെരുന്നാൾ (ഹന്നൂക്കാ) എന്നറിയപ്പെടുന്നു.

**അല്പം നിർത്താം.... ചിന്തിക്കാം....**

1 1 മക്കാബിയർ 1-4 അദ്ധ്യായങ്ങൾ വായിച്ച് അതിലെ പ്രധാന സംഭവങ്ങൾ ചർച്ച ചെയ്യുക

2 അന്ത്യോക്കസ് IV എപ്പിപ്പാനസിന്റെ കാലത്ത് കൈക്കൂലികൊടുത്ത് പൗരോഹിത്യം സ്വന്തമാക്കിയവർ ആരെല്ലാം?

3 ഹന്നൂക്കാ എന്നാൽ എന്താണ്?

4 മക്കാബി എന്ന വാക്കിന്റെ അർത്ഥമെന്ത്?

യൂദാ മക്കാബിയൂസിനെ തുടർന്ന് ക്രി. മു. 63 വരെയുള്ള കാലഘട്ടത്തിൽ പ്രധാന ശക്തികളായ സെല്യൂക്കസ് വംശങ്ങളുടേയും പിന്നീട് വന്ന റോമാ ചക്രവർത്തിമാരുടേയും ഭീഷണിയുടെ നിഴലിൽ ഹസ്മോന്യ രാജവംശം യരുശലേമിൽ നിലനിന്നു. 1 മക്കാ. 13:41-42 പ്രകാരം യൂദാ മക്കാബിയൂസിന്റെ സഹോദരൻ ശീമോന്റെ കാലത്ത് (ക്രി. മു. 142-134) പുറജാതികളുടെ നുകം യിസ്രായേലിൽനിന്ന് നീങ്ങിപ്പോയി. ജനം ഉടമ്പടികളിലും പ്രമാണങ്ങളിലും പ്രധാന പുരോഹിതനും നേതാവും സൈന്യാധിപനുമായ ശീമോന്റെ ഒന്നാം വർഷം എന്നെഴുതിത്തുടങ്ങി. മക്കാബ്യരുടെ ഒന്നാം പുസ്തകം അവസാനിക്കുന്നത് ശീമോന്റെ മരണവും ആ സ്ഥാനങ്ങളിലേക്ക് മകനായ യോഹന്നാൻ (John Hyrcanus) ഭരമേൽക്കുന്നതും വിവരിച്ചുകൊണ്ടാണ്. പ്രത്യേകം ഓർക്കേണ്ട ഒരു കാര്യം ഹസ്മോന്യ വംശജരായ ഭരണാധികാരികൾ ഒരേ സമയം യരുശലേമിലെ പുരോഹിതരും ഭരണകർത്താക്കളും സൈന്യാധിപന്മാരും ആയിരുന്നുവെന്നതാണ്. മറ്റൊരു പ്രധാന വസ്തുത ഈ കാലഘത്തിലാണ് യഹൂദസമൂഹത്തിൽ സാദൂക്യർ, പരീശർ, എസ്സീൻകാർ, എരിവുകാർ എന്നീ പിരിവുകൾ ഉടലെടുക്കുന്നത്, ഹസ്മോന്യ രാജ്യത്തിന്റെ ഗതിവിഗതികളിൽ ഇവരുടെ സ്വാധീനം പലപ്പോഴും പ്രകടമാണ്. സലോമി അലക്സാന്ത്ര എന്ന രാജ്ഞി ക്രി. മു. 76-67 വരെ യരുശലേമിൽ ഭരണം നടത്തി. സ്ത്രീയാകയാൽ മഹാപുരോഹിതസ്ഥാനം മക്കളിൽ സൗമ്യനായ ഹിർക്കാനസ് II ന് നൽകി. പരീശന്മാർക്ക് തങ്ങൾക്കിഷ്ടമുള്ള കാര്യങ്ങൾ നടത്തിക്കൊണ്ടുപോകാനുള്ള സ്വാതന്ത്ര്യവും നൽകി. അവരെ അനുസരിച്ചുകൊള്ളണമെന്ന നിർദ്ദേശം ജനങ്ങൾക്കും നൽകി. വേദപുസ്തക ചരിത്രത്തിൽ അഥല്യ കഴിഞ്ഞാൽ പിന്നൊരു സ്ത്രീ യെരുശലേമിൽ ഭരണം നടത്തിയത് അലക്സന്ത്രയാണ്. രാജ്ഞിയുടെ മരണശേഷം മറ്റൊരു മകനായ അരിസ്റ്റോബുലസ് II, ഹിർക്കാനസ് II നെ പരാജയപ്പെടുത്തി രാജ്യഭരണവും പുരോഹിതസ്ഥാനവും സ്വന്തമാക്കി. ഹിർക്കാനസിന്റെ സുഹൃത്തായ ഇദൂമ്യക്കാരൻ അന്തിപ്പാററിന്റെ (മഹാനായ ഹേരോദാ ചക്രവർത്തിയുടെ പിതാവ്) സഹായത്തോടെ അദ്ദേഹം അരിസ്റ്റോബുലസിനെ പരാജയപ്പെടുത്തി അദ്ദേഹത്തേയും മറ്റു പുരോഹിതരേയും ബന്ധികളാക്കി.

ഈ സമയത്ത് റോമൻ ജനറലായ പോംപെ അദ്ദേഹത്തിന്റെ ഉദ്യോഗസ്ഥനായ സ്കൗറസിനെ ദമ്മശേക്കിലേക്കയച്ചു. അദ്ദേഹം യഹൂദ്യയിലേക്കു വന്നപ്പോൾ അരിസ്റ്റോബുലസും ഹിർക്കാനസും പണം നൽകി സഹായമർത്ഥിച്ചു. കൂടുതൽ ധനികനും മാന്യമായി ഇടപെട്ടതും അരിസ്റ്റോബുലസ് ആയിരുന്നതിനാൽ സ്കൗറസ് സഹായിച്ചത് അദ്ദേഹത്തെയാണ്. പോംപെ ആ പ്രദേശത്തെത്തിയപ്പോൾ ഈ വിഭാഗവും അദ്ദേഹത്തെ സമീപിച്ചു. എന്നാൽ അദ്ദേഹം പെട്ടെന്ന് തീരുമാനം എടുത്തില്ല. ഇത് അരിസ്റ്റോബുലസിനെ ചൊടിപ്പിച്ചു. അദ്ദേഹം കുപിതനായി യഹൂദ്യയിലേക്കു മടങ്ങി. പോംപെ യരുശലേമിനെതിരെ യുദ്ധംചെയ്ത് അരിസ്റ്റോബുലസിനെ ബന്ധിയാക്കി ഇതിന് സഹാ

യിച്ച ഹിർക്കാനസിന് മഹാപുരോഹിതസ്ഥാനം നൽകുകയും ചെയ്തു. അങ്ങനെ നൂറ്റാണ്ടുകളോളം തുടർന്ന റോമൻ ഭരണത്തിനു കീഴിലേക്ക് യരുശലേം ഒതുങ്ങി.

## അല്പം നിർത്താം... ചിന്തിക്കാം...

1 ഹസ്മോന്യ രാജവംശത്തിന്റെ മറ്റൊരുപേര് എന്ത്?

2 ഹസ്മോന്യർ ഏതെല്ലാം പദവികളാണ് വഹിച്ചിരുന്നത്?

3 ഹസ്മോന്യ വംശത്തിലെ ഏക സ്ത്രീഭരണാധികാരി ആര്?

4 ആരുതമ്മിലുള്ള സ്ഥാന തർക്കമാണ് റോമൻ ഭരണാധികാരികളുടെ ഇടപെടലിന് കാരണമായത്

5 ഹിർക്കാനസ് II ന്റെ സുഹൃത്തായ ഇദൂമ്യക്കാരൻ ആര്?

ഹസ്മോനിയൻ കുടുംബവഴക്കിൽ യരുശലേം പ്രശ്നപൂരിതമായെങ്കിലും റോമിന്റെ ഒരുദ്യോഗസ്ഥനായ ഗബിനിയസ് ഹിർക്കാനസിനെ ദേവാലയകാര്യങ്ങളേൽപ്പിക്കുകയും യഹൂദ്യയെ അഞ്ച് പ്രവിശ്യകളായി തിരിച്ച് ഭരണം, ഓരോ സന്നദ്രീം സംഘത്തെ ഏൽപ്പിക്കുകയും അങ്ങനെ ക്രമസമാധാനം നിലനിർത്തുകയും ചെയ്തു. കൈസർ ജൂലിയസ് (Julius Caesar) അരിസ്റ്റോബുലസിന് സ്വാതന്ത്ര്യം നൽകിയെങ്കിലും പോംപേയുടെ ആളുകൾ അദ്ദേഹത്തിന് വിഷം നൽകിയശേഷം തലയറുത്ത് കൊന്നുകളഞ്ഞു. ഇതേ സമയം അന്തിപ്പാറ്റർ, കൈസറിനെ വളരെ സഹായിച്ചതുകൊണ്ട് അദ്ദേഹത്തെ യഹൂദ്യയിൽ ഗവർണറാക്കി, ഹിർക്കാനസിന്റെ സ്ഥാനം സ്ഥിരപ്പെടുത്തുകയും ചെയ്തു. അന്തിപ്പേറ്ററും ഹിർക്കാനസ്സുമായുള്ള ബന്ധത്തിന്റെ ബലത്തിൽ അന്തിപ്പേറ്റർ തന്റെ രണ്ടു മക്കളെ-ഫസായേലിനേയും ഹേരോദാവിനേയും യരുശലേമിലും ഗലീലായിലും ഗവർണർമാരാക്കി (ക്രി. മു. 47) തുടർന്ന് നാലുപതിറ്റാണ്ട് അദ്ദേഹം യഹൂദ്യരുടെമേൽ തന്റെ ആധിപത്യം നിലനിർത്തി. അന്തിപ്പേറ്ററുടേയും മക്കളുടേയും ഇടപെടൽ പല യഹുദന്മാരിലും അതൃപ്തി ഉളവാക്കിയപ്പോൾ ഹിർക്കാനസ് യരുശലേമിൽ സന്നദ്രീം സംഘത്തിനു മുമ്പിൽ വിസ്താരത്തിനായി ഹെരോദാവിനെ വിളിച്ചുവരുത്തി. സ്വന്തം സൈന്യവുമായി വന്ന ഹെരോദാവ് അവിടെനിന്ന് രക്ഷപ്പെട്ടു, പല സന്ദർഭങ്ങളിലും തന്ത്രപൂർവ്വം ഇത്തരം ശിക്ഷാനടപടികളിൽനിന്ന് അദ്ദേഹം രക്ഷപെട്ടിട്ടുണ്ട് എന്ന് ചരിത്രം. പിന്നീട് റോമിലെത്തി ഒക്ടാവിയന്റെയും (ഈ ഒക്ടാവിയനാണ് പിന്നീട് ഔഗസ്ത്യോസ് കൈസർ എന്നറിയപ്പെട്ടത്.) മാർക്ക് ആന്റണിയുടേയും സഹായത്തോടെ ഹെരോദാവ് യഹൂദരാജാവായി നിയമിതനായി (ക്രി. മു. 40). രാജാവായി മൂന്നുവർഷം കഴിഞ്ഞ് ഹെരോദാവ് യരുശലേം പിടിച്ചടക്കി. മാർക്ക് ആന്റണിയെ സ്വാധീനിച്ച് ഹസ്മോനിയൻ കുടുംബത്തിലെ ഏക അവകാശിയായിരുന്ന ആന്റിഗോണസിനെ ശിരഛേദം ചെയ്യിച്ചു. യഹൂദന്മാർക്ക് തന്നോടുള്ള വിദ്വേഷം ഹെരോദാവിന് ബോധ്യമുണ്ടായിരുന്നു. എങ്കിലും റോമിനോടുള്ള വിശ്വസ്തതയിൽ അതെല്ലാം അതിജീവിച്ചു. ഹിർക്കാനസ് വയോധികനായിരുന്നതിനാൽ തന്റെ ഭാര്യയും ഹസ്മോന്യയുമായ മറിയമ്നയുടെ താൽപ്പര്യപ്രകാരം മഹാപുരോഹിതനായിരുന്ന ഹനാനേലിനെ മാറ്റി അരിസ്റ്റോബുലസ് III നെ (മറിയമ്നയുടെ സഹോദരൻ) ഹെരോദാവ് മഹാപുരോഹിതനായി നിയമിച്ചു. അധികം വൈകാതെ ഹെരോദാവിന്റെ ആസൂത്രണത്തിൽ അരിസ്റ്റോബുലസിനെ വെള്ളത്തിൽ മുക്കിക്കൊന്നു. വൃദ്ധനായ ഹിർക്കാനസിനെയും വധിച്ചു. ക്രി.മു. 29-ൽ സ്വന്തഭാര്യ മറിയമ്നയെയും 28-ൽ

അമ്മായിയമ്മ അലക്സന്ദ്രയേയും അദ്ദേഹം ഇല്ലാതാക്കി. ഇങ്ങനെ ഹസ്മോന്യവംശം നാമാവശേഷമായി.

ഹേരോദാവിന്റെ ഏറ്റവും വലിയ സംഭാവനയായി പറയപ്പെടുന്നത് യരുശലേം ദേവാലയത്തിന്റെ പുനർനിർമ്മാണമാണ്. ക്രി. മു. 20-ൽ തുടങ്ങിയ പണി ഹെരോദാവിന്റെ മരണശേഷവും തുടർന്നു. ആൽബിനസ് യഹൂദ്യായിൽ പ്രൊക്ക്യുറേറ്റർ ആയിരിക്കുമ്പോഴാണ് (ക്രിസ്ത്വബ്ദം 62-64) അതിന്റെ പണി പൂർത്തിയായത്. (യോഹ. 2:19-20. താ) രണ്ടുവട്ടം ഹേരോദാവ് നികുതി ഇളവു ചെയ്തതായി ചരിത്രം. ഹെരോദാവ് മരിക്കുന്നത് ക്രി. മു. 4 ലാണ്. ദേശമോ കുടുംബമോ സ്നേഹിക്കാനില്ലാതെ കടുത്ത ശാരീരിക മാനസിക വേദനയിലാണ് ഹേരോദാവ് മരിക്കുന്നത്. ഹേരോദാവിനുശേഷം മക്കളായ അർക്കലെയോസ്, അന്തിപ്പാസ്, ഫിലിപ്പ് എന്നിവർക്കായി രാജ്യം വിഭജിക്കപ്പെട്ടു. എന്നാൽ ഇവർ തമ്മിലും അധികാരത്തർക്കം ഉടലെടുത്തത് ഔഗസ്ത്യോസ് കൈസറിന്റെ (ഒക്ടേവിയൻ) മുന്നിലെത്തി. ഹെരോദാവിന്റെ താല്പര്യമനുസരിച്ച് അർക്കെലെയാവോസിന് അംഗീകാരം ലഭിച്ചു. എന്നാലദ്ദേഹത്തിന്റെ ഭരണകാലം അധികം നീണ്ടുനിന്നില്ല. നിഷ്ഠൂരനായ ഇദ്ദേഹത്തിനെതിരെ യരുശലേമിൽനിന്ന് പ്രഭുക്കന്മാരുടെ പരാതി റോമിലെത്തിയതിനാൽ ഭരണത്തിൽനിന്ന് നീക്കി. തുടർന്ന് യരുശലേം/യഹൂദ്യ റോമിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലായി. കൈസർമാർ യഹൂദ്യരല്ലാത്ത ഗവർണർമാരെ നിയമിച്ച് ഭരണം തുടർന്നു. ക്രിസ്ത്വബ്ദം 6-41 വരെ ഏഴുപേർ ഗവർണർമാരായിട്ടുണ്ട്. അവരിൽ പ്രധാനിയാണ് 26-36-ൽ ഭരിച്ച പൊന്തിയോസ് പീലാത്തോസ്. നമ്മുടെ കർത്താവായ യേശുവിന്റെ മനുഷ്യാവതാരവും പ്രവർത്തനവും മരണവുമെല്ലാം ഹെരോദാവിന്റെ ഭരണത്തിന്റെ അന്ത്യകാലം മുതൽ പീലാത്തോസ് ഗവർണറുടെ കാലംവരെയാണല്ലോ.

## നമുക്ക് ചിന്തിക്കാം

1 പഴയ പുതിയ നിയമങ്ങളുടെ ഇടക്കാല ചരിത്രം മഹാപുരോഹിതസ്ഥാനത്തിനു വേണ്ടിയുള്ള തർക്കമായിരുന്നുവോ? സമർത്ഥിക്കുക.

2 ഈ കാലഘട്ടത്തിലെ പ്രധാന ശക്തികളേതെല്ലാം? ഇവർ യഹൂദമതജീവിതത്തെ എങ്ങനെയെല്ലാം സ്വാധീനിച്ചു?

3 ഏതു കാലഘട്ടത്തിലും ഏതു സമൂഹത്തിലും ഉള്ളിലുണ്ടാകുന്ന തർക്കങ്ങളും മത്സരങ്ങളുമാണ് പുറമെനിന്നുള്ള ശക്തികളുടെ ഇടപെടലിനും കടന്നുകയറ്റത്തിനും അതുവഴി സ്വാതന്ത്ര്യ നിഷേധത്തിനും കാരണമാകുന്നത്. ഈ ആശയത്തോട് നിങ്ങൾ യോജിക്കുന്നുവോ? പാഠഭാഗത്തിലെ ആശയങ്ങളുടെ അടിസ്ഥാനത്തിൽ വിശദമാക്കുക.

## നമുക്കു പാടാം

അനുതാപത്തിന്റെ ദിവസം വി. ഏവൻഗേലിക്കുശേഷം ആലപിക്കുന്ന ഒരു ഗീതം. വി. കുർബ്ബാനക്രമം പേജ് 349.

(അഖിലം ഞാനാരാഞ്ഞിട്ടും.........എന്ന രീതി)

ചൊല്ലുന്നു ധർമ്മം ദോഷീ നിരസിക്കുക ദുർമ്മാർഗ്ഗം നീ
നിൻ നാഥൻ നിന്നെ- അന്വേഷിക്കുന്നു
കാണുന്നാകിൽ തോഷത്തോടുള്ളിൽ-ചേർത്തീടും
ശെമഓൻ കീപ്പായ്ക്കെന്നവിധം-ഹസ്തത്തെ നൽകും

പാഠം 2

# പഴയനിയമ ആരാധന

## പാഠോദ്ദേശ്യങ്ങൾ

സ്രഷ്ടാവും പരിപാലകനുമായ ദൈവത്തോടുള്ള മനുഷ്യന്റെ സ്വാഭാവിക പ്രതികരണമാണ് ആരാധന എന്നും ക്രിസ്ത്യാനികൾ മാത്രമല്ല എല്ലാ മനുഷ്യവിഭാഗങ്ങളും ആരാധനയ്ക്ക് പ്രാധാന്യം നൽകുന്നുണ്ട് എന്നും മനസ്സിലാക്കുക. ആരാധനയുടെ പ്രാധാന്യവും, പഴയനിയമ പുസ്തകങ്ങളിലൂടെ വ്യക്തമാകുന്ന ആരാധനാരീതിയും മനസ്സിലാക്കി, നമ്മുടെ ആരാധനാ ജീവിതത്തെ കൂടുതൽ അർത്ഥവത്താക്കുക.

**മനഃപാഠവാക്യം:** "ദൈവമേ സീയോനിൽ സ്തുതി നിനക്കു യോഗ്യം, നിനക്കു തന്നെ നേർച്ച കഴിക്കുന്നു. പ്രാർത്ഥന കേൾക്കുന്നവനായുള്ളോവേ; സകല ജഡവും നിന്റെ അടുക്കലേക്കു വരുന്നു." (സങ്കീ. 65:1-2)

**പഠന സഹായികൾ:** വി. വേദപുസ്തകം, വി. കുർബ്ബാനക്രമം, പ്രാർത്ഥനാക്രമം.

## ആമുഖം

ഓരോ മനുഷ്യനും തന്റെ സൃഷ്ടാവായ ദൈവത്തോടുള്ള വിശ്വാസ പ്രതികരണമാണ് ആരാധന. ദൈവസാന്നിദ്ധ്യത്തെത്തുറിച്ചുള്ള അവബോധവും അതിന്റെ അനുഭവവുമാണ് ഒരു മനുഷ്യനെ ആരാധനയ്ക്കു പ്രേരിപ്പിക്കുന്ന ഘടകം. യഥാർത്ഥ ആരാധനയിൽ മനുഷ്യന്റെ മനസ്സും നാവും ശരീരവും എല്ലാം ഭാഗഭാക്കാകുന്നുണ്ട്. ഈ ആരാധന ജീവിതഭാഗമാക്കിയിരുന്ന ഒരു വിഭാഗമാണ് യഹൂദന്മാർ. ആകാശവും ഭൂമിയും സൃഷ്ടിച്ച ഏകദൈവത്തെയാണ് അവർ ആരാധിച്ചിരുന്നത്. നാമും ആരാധിക്കുന്നത് ഈ സത്യ ഏകദൈവത്തെത്തന്നെയാണ്. കാലത്തികവിൽ ആ ദൈവം യേശുക്രിസ്തുവായി മനുഷ്യരൂപം സ്വീകരിച്ച് വന്നു. പരിശുദ്ധാത്മാവിലൂടെ ഇപ്പോഴും നമ്മെ നയിച്ചുകൊണ്ടിരിക്കുന്നുവെന്നും നാം വിശ്വസിക്കുന്നു. അതുകൊണ്ട് നമ്മുടെ ആരാധന പഴയനിയമ ആരാധനയുടെ തുടർച്ചയും നമ്മുടെ രീതികൾ അവരുടെ രീതിയുടെ ഒരുപരിധിവരെയുള്ള പകർപ്പുമാണെന്നു പറയാം. അതുകൊണ്ട് നമ്മുടെ ആരാധനയുടെ ആഴവും പരപ്പും അർത്ഥവും മനസ്സിലാക്കുന്നതിന് പഴയ നിയമ ആരാധനയെക്കുറിച്ചുള്ള അറിവ് വളരെ സഹായിക്കും. അതുകൊണ്ട് നമുക്കിന്ന് പഴയനിയമ ആരാധനയെക്കുറിച്ച് പഠിക്കാം.

## പാഠഭാഗം

വേദപുസ്തക ഗ്രന്ഥങ്ങളുടെ രചനയെക്കുറിച്ചുകൂടെ ചില കാര്യങ്ങൾ സൂചിപ്പിക്കട്ടെ. യിസ്രായേലിലെ പുണ്യപൂർവ്വികർ വേദപുസ്തകത്തെ ഇന്നു കാണുന്ന രീതിയിൽ

